II ഇ.ബി. XIV - കേരള നിയമസഭ/XV-12

**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2019 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34(*361) ഇ.എസ്.ഐ. ചികിത്സാ പദ്ധതി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഇ.എസ്.ഐ. പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ആശുപത്രികൾ മുഖേന ഗുണഭോക്താക്കൾക്ക് ചികിത്സാനുകൂല്യം ലഭിക്കുന്നുണ്ടെന്നും 48 ആശുപത്രികളെയും 3 ലബോറട്ടറികളെയും എംപാനൽ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയിൽ ചികിത്സാ ആനുകൂല്യത്തിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ തൊഴിലാളികൾക്ക് ദ്രോഹകരമെന്നതിനാൽ അത് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് നിവേദനം നൽകുകയും കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ

ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് 15-04-2019-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം അർഹതാ മാനദണ്ഡത്തിൽ പുതിയൊരു റെഗുലേഷൻ (96C) കൊണ്ടുവന്നിട്ടുണ്ട്. അടുത്ത ബെനിഫിറ്റ് കാലയളവ് മുതൽ മാത്രമേ ഇതിന്റെ ആനുകൂല്യം ലഭ്യമാകുകയുള്ളൂ എന്നതിനാലും പുതിയ നിബന്ധനകൾ തൊഴിലാളികൾക്ക് ഗുണകരമല്ലാത്തതിനാലും തൊഴിലാളി തൊഴിലുടമ വിഹിതം കുറയ്ക്കുന്നത് തൊഴിലാളികളുടെ ആനുകൂല്യ സംരക്ഷണത്തിന് വിരുദ്ധമാകുമെന്നതിനാലും പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഇ.എസ്.ഐ. പദ്ധതിയുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഡ്രൈവ് നടത്തുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്കാവശ്യമായ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 18 പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ സ്ഥാപിക്കാനുള്ള നടപടികൾ ആവിഷ്കരിച്ച് തസ്തികകൾ അനുവദിച്ചെങ്കിലും രണ്ടെണ്ണത്തിന് മാത്രമേ കോർപ്പറേഷനിൽ നിന്നും പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ളൂവെന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് ആലത്തൂർ,

മണ്ണാർക്കാട്, കുറ്റനാട്, റാന്നി, ബാലുശ്ശേരി, താമരശ്ശേരി, കൂത്താട്ടുകുളം, കുമിളി, പീരുമേട്, കൊണ്ടോട്ടി, കുളത്തുപ്പുഴ, വെഞ്ഞാറമൂട് എന്നിവിടങ്ങളിൽ ഇത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും ഇതിനായി മുക്കം, കട്ടപ്പന എന്നിവിടങ്ങളിൽ ഡിസ്പെൻസറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും സുൽത്താൻ ബത്തേരി, കൽപ്പറ്റ, കണ്ണൻ ദേവൻ ഹിൽസ്, മാന്നാങ്കണ്ടം എന്നിവിടങ്ങളിൽ ഇത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും പ്ലാന്റേഷൻ ലേബർ ആക്ടിന് വിധേയമായി ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികളെ ഇ.എസ്.ഐ.-ലേയ്ക്ക് മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും കൊരട്ടിയിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നകാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35(*362) <u>ഗ്രീൻ ഇന്ത്യ മിഷൻ</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന ഗ്രീൻ ഇന്ത്യ മിഷനിലൂടെ വനസമ്പത്തും വനവിസ്തൃതിയും വർദ്ധിപ്പിക്കൽ,

പരിസ്ഥിതി/തണ്ണീർത്തട സംരക്ഷണം, സോഷ്യൽ-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങളുടെ വിപുലീകരണം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നതെന്നും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് വനമേഖലയെ സജ്ജമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള എട്ട് മിഷനുകളിലൊന്നാണിതെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയിലൂടെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ, വനശോഷണം തടയൽ, കാവുകളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണവും പരിപാലനവും, പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി സമഗ്ര ഹരിതവത്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കുന്നതെന്നും കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി (CBD) പദ്ധതിയിൽ ഉൾപ്പെടുത്തി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനായി പ്രത്യേക കർമ്മ പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങളാലുണ്ടാകുന്ന കൃഷിനാശം തടയൽ, കണ്ടൽ കാടുകളുടെയും കാവുകളുടെയും സംരക്ഷണം, അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യൽ എന്നിവ നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വനസംരക്ഷണ സമിതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ

എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ 60 ശതമാനം കേന്ദ്ര സർക്കാർ വിഹിതമാണെന്നും സംരക്ഷിത വനമേഖലകളുടെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനുമായി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളായ 'പ്രോജക്ട് ടൈഗർ', 'പ്രോജക്ട് എലിഫന്റ്', 'ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)', അഗസ്ത്യമല/നീലഗിരി ബയോസ്ഫിയർ റീസർവ്വുകൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. മൃഗവേട്ട തടയുന്നതിനുള്ള പരിപാടികൾ, ആവാസ വ്യവസ്ഥയുടെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം, കടുവകളുടെയും ആനകളുടെയും കണക്കെടുപ്പ്, മണ്ണ്-ജല സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുകയും ആനകളുടെയും കടുവകളുടെയും ആവാസ വ്യവസ്ഥകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പു വരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. തെരഞ്ഞെടുക്കപ്പെട്ട കാവുകളും കുളങ്ങളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വനത്തിനുള്ളിൽ ആന പ്രതിരോധ കിടങ്ങുകൾ, തടാകങ്ങൾ എന്നിവ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും

ജനവാസമേഖലകളിൽനിന്നും അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നിവ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി ഫലവൃക്ഷങ്ങളും ഔഷധ സസ്യങ്ങളും പരമാവധി വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36(*363) <u>പട്ടികവർഗ്ഗ വിഭാഗത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ പുരോഗതി</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രത്യേക ദുർബ്ബല വിഭാഗങ്ങളുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ പ്രത്യേക പരിഗണന നൽകി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും ഇതിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും വികസനാവശ്യങ്ങൾ ചർച്ച ചെയ്യുന്നതും പദ്ധതികൾ നിർദ്ദേശിക്കുന്നതും ഊരുകൂട്ട തീരുമാനപ്രകാരമാണ്. ഓരോ വർഷത്തെയും പ്രധാനപ്പെട്ട പദ്ധതികൾ പഠന വിധേയമാക്കി ധനകാര്യ വകുപ്പ് സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കുകയും സംസ്ഥാന

ആസൂത്രണ ബോർഡ് യോഗങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രഗത്ഭരും ഊരുമൂപ്പന്മാരും ഉദ്യോഗസ്ഥരും പദ്ധതികൾ വിലയിരുത്തി പോരായ്മകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം നടപ്പാക്കുകയും ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ പഠനമുറി/ഗോത്രബന്ധു/ഗോത്ര ജീവിക/ഭക്ഷ്യസഹായ പദ്ധതികൾ നടപ്പാക്കുകയും സാമ്പത്തികാനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുകയും പോലീസ്/എക്സൈസ് വകുപ്പുകളിൽ പ്രത്യേക നിയമനം നൽകുകയും കാസർഗോഡ് ജില്ലയിൽ കൊറഗർക്കുമാത്രമായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ഡിജിറ്റൽ സർവ്വെ അവസാനഘട്ടത്തിലാണെന്നും ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക ദുർബ്ബല വിഭാഗത്തിൽപ്പെട്ട കാടർ, കുറുമ്പൻ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കൊറഗർ എന്നിവർക്കുപുറമെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന അടിയൻ, പണിയൻ, അരനാടൻ, മലപ്പണ്ടാരം, ഹിൽപ്പുലയ എന്നിവർക്കുവേണ്ടിയും പ്രത്യേക മൈക്രോ പ്ലാനുകൾ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നിലവിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലായി 13092

കുട്ടികൾ താമസിച്ച് പഠനം നടത്തുന്നുണ്ട്. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് മാതൃകയിൽ ഉയർത്തുന്നതിന്റെ ഭാഗമായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മഴവെള്ള സംഭരണിയുടെയും കിണറിന്റെയും നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ എന്നിവയ്ക്കുപുറമെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സി.സി.ടി.വി., മിനിമാസ്റ്റ് എന്നിവയും പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ടെന്നും അടുക്കളകളിൽ സ്റ്റീമർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനും പരീക്ഷകളിൽ ഉന്നതവിജയത്തിന് പ്രാപ്തരാക്കുന്നതിനുമായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിക്കുകയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ച് 9781 പേർക്ക് 11378 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും വനാവകാശ നിയമപ്രകാരം 25825 പേർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ടെന്നും 972 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്ന 10943 പേർക്ക് സമയബന്ധിതമായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള

നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതിപ്രകാരം സ്പിൽ ഓവറായിരുന്ന വീടുകളിൽ 19,985 എണ്ണവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചതിൽ 398 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ടെന്നും സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വരുമാനപരിധിക്കുവിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും മെറിറ്റ് അടിസ്ഥാനത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് സഹായം നൽകുന്നതുസംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(21-06-2019-ലെ 1 മുതൽ 30 വരെയുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3759 മുതൽ 4025 വരെയുള്ള ചോദ്യങ്ങളിൽ 125 എണ്ണത്തിനും 24-06-2019-ലെ നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4026 മുതൽ 4323 വരെയുള്ള ചോദ്യങ്ങളിൽ 217 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)